പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1663 — 15.02.2016 - ൽ മറുപടിയ്ക്ക്

## വൃദ്ധജനങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി ക്ഷേമ പെൻഷനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നു. നിരാലംബരായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. താമസം, ആഹാരം, മരുന്ന്, വസ്ത്രം, മറ്റു ദൈനംദിന ചെലവുകൾ എന്നിവ ഇവിടെ നിന്ന് സൗജന്യമായി നൽകുന്നുണ്ട്. 65 വയസ്സിനു മുകളിൽ പ്രായമായവരുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വയോമിത്രം എന്ന പേരിൽ സാമൂഹ്യസുരക്ഷാ മിഷൻ വഴി ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്കായി വയോ അമൃതം എന്ന പേരിൽ ആയുർവേദ ചികിത്സ കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു.<br>മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി Maintenance and Welfare of Parents and Senior Citizen Act നടപ്പിലാക്കി വരുന്നു. |
| (ബി) | പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ വയോമിത്രം ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) | പുനലൂർ, ചെങ്ങന്നൂർ, പയ്യന്നൂർ എന്നീ പുതുതായി രൂപീകരിച്ച നഗരസഭകളിൽ വയോമിത്രം പദ്ധതി ആരംഭിക്കുവാൻ സാമൂഹ്യസുരക്ഷാ മിഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | വൃദ്ധസദനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | വൃദ്ധസദനങ്ങളുടെ നടത്തിപ്പിനു ഒരു മാന്വൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വൃദ്ധസദനങ്ങളുടെ നടത്തിപ്പ്, സേവനങ്ങൾ, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഓരോ ജില്ലയിലും സ്വകാര്യ സർക്കാർ മേഖലയിൽ എത്ര വൃദ്ധസദനങ്ങളുണ്ടെന്നും വ്യക്തമാക്കുമോ? | | വൃദ്ധസദനങ്ങളുടെ നടത്തിപ്പ്,സേവനങ്ങൾ ഗുണനിലവാരം എന്നിവ സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെ പരിശോധനയിലൂടെ കണ്ടെത്തി കുറവുകൾ പരിഹരിക്കുന്നുണ്ട്.സർക്കാർ, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ നൽകുന്നു. |

| ക്രമ നം. | ജില്ല | സ്വകാര്യ വൃദ്ധസദനം | സർക്കാർ വൃദ്ധസദനം |
|---|---|---|---|
| 1 | തിരുവനന്തപുരം | 50 | 2 |
| 2 | കൊല്ലം | 19 | 1 |
| 3 | പത്തനംതിട്ട | 31 | 1 |
| 4 | ആലപ്പുഴ | 27 | 0 |
| 5 | കോട്ടയം | 85 | 1 |
| 6 | ഇടുക്കി | 27 | 0 |
| 7 | എറണാകുളം | 120 | 1 |
| 8 | തൃശ്ശൂർ | 75 | 1 |
| 9 | പാലക്കാട് | 32 | 0 |
| 10 | മലപ്പുറം | 8 | 1 |
| 11 | കോഴിക്കോട് | 22 | 1 |
| 12 | വയനാട് | 20 | 0 |
| 13 | കണ്ണൂർ | 38 | 1 |
| 14 | കാസർഗോഡ് | 12 | 1 |
| | ആകെ | 566 | 11 |

**സെക്ഷൻ ഓഫീസർ**